# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2627 13.03.2020 ൽ മറുപടിക്ക്**

**കൊണ്ടാഴി - മായന്നൂർ റോഡ് പുനരുദ്ധാരണം**

| ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| --- | --- |
| (എ) തൃശ്ശൂർ പി.ഡബ്ല്യു.ഡി. റോഡ് വിഭാഗം ഡിവിഷനിലെ വടക്കാഞ്ചേരി സബ് ഡിവിഷനിലെ ചേലക്കര സെക്ഷൻ പരിധിയിൽ വരുന്ന, ചേലക്കര നിയോജക മണ്ഡലത്തിലെ കൊണ്ടാഴി - മായന്നൂർ പി.ഡബ്ല്യു.ഡി. റോഡ് അവസാനമായി പുനരുദ്ധാരണം ചെയ്തത് എന്നാണെന്ന് വ്യക്തമാക്കുമോ; | (എ) തൃശ്ശൂർ ജില്ലയിലെ ചേലക്കര സെക്ഷൻ പരിധിയിൽ വരുന്ന ചേലക്കര നിയോജക മണ്ഡലത്തിലെ കൊണ്ടാഴി - മായന്നൂർ റോഡിൽ കി.മീ. 1/400 മുതൽ 1/810, 2/440 മുതൽ 6/200, 7/700 മുതൽ 9/000 വരെ 'ബഡ്ജറ്റ് വർക്ക് 2009-10 - കൊണ്ടാഴി - മായന്നൂർ റോഡ് പുനരുദ്ധാരണം' എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി 2010-11 കാലഘട്ടത്തിലാണ് അവസാനമായി പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയത്. കി.മീ 9/000 മുതൽ 10/914 വരെയുള്ള ഭാഗം റോഡ് 2018 ഡിസംബർ മാസത്തിലാണ് ഉപരിതലം പുതുക്കൽ നടത്തിയത്. |
| (ബി) തൃശ്ശൂർ-പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്ന വലിയ ഗതാഗത പ്രാധാന്യം ഉള്ള ഈ റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ പുനരുദ്ധാരണം ചെയ്യുന്നതിന് മുന്തിയ പരിഗണന നൽകി തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (ബി) കൊണ്ടാഴി - മായന്നൂർ റോഡ് 0/000 മുതൽ 10/914 വരെ പുനരുദ്ധരിക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റ് 2019-20 Vol. II ക്രമ നമ്പർ 1089 ആയി 1100 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ ആയി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പര്യാപ്തമായ ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാത്തതിനാൽ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**